**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **258** — **19-06-2018**-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ബി.സത്യൻ**<br>**ശ്രീ. കെ.ജെ. മാക്സി**<br>**ശ്രീ. കെ.ഡി. പ്രസേനൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏതെല്ലാം പ്രവൃത്തികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം ചുവടെ പറയുന്ന പ്രവൃത്തികൾ പദ്ധയിൻ കീഴിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്.<br>1. അടിയണകൾ, മൺതടയണകൾ, സ്റ്റോപ്പ്ഡാം (അണകൾ), ചെക്ക് ഡാമുകൾ, കിണർ റീചാർജ്ജിംഗ്, ഗള്ളിപ്ലഗ്ഗിംഗ്, ബ്രഷ് വുഡ് തടയണ, ഗാബിയോൺ തടയണ, കല്ലെടുക്ക് തടയണ, മഴക്കുഴി, ജലാഗിരണ ട്രഞ്ച് , കോണ്ടൂർ ട്രഞ്ച്, കോണ്ടൂർ മൺബണ്ട്, കല്ല് ക്യാ ല, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കുളങ്ങളുടെ പുനരുദ്ധാരണം, റീചാർജ്ജ് കുഴികൾ, കിണർ നിർമ്മാണം തുടങ്ങിയ കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ.<br>2. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളുടെ ഭാഗമായി തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ, കനാൽവശ ഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ.<br>3. വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവൽക്കരണ പ്രവൃത്തികളും.<br>4. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിള കൃഷി, പുഷ്പകൃഷി, ഔഷധകൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ അജീവനം മെച്ചപ്പെടുത്തൽ. പൊതു-സ്വകാര്യ ഭൂമിയിലെ ഭൂവികസന പ്രവൃത്തികളുടെ ഭാഗമായി തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ കമ്പോസ്റ്റ് കുഴികൾ, സ്റ്റോപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റിംഗ്, അസോള കൃഷി എന്നിവ നടപ്പാക്കൽ<br>5. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ആവിഷ്കരിക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ (PMAY, LIFE) പ്രകാരം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കാവുന്ന ഭവനനിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉത്പ്പാദനവും.<br>6. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം.<br>7. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ.<br>8. സർക്കാർ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ ശേഖരണവും സംസ്കരണവും.<br>9. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ഇല്ലാതാക്കുന്നതിനുവേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ് ലറ്റുകൾ, അങ്കണവാടി ടോയ് ലറ്റുകൾ എന്നിവയുടെ നിർമ്മാണം.<br>10. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികളായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടിയുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോംവാട്ടർ ഡ്രെയിനേജുകൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തു ന്നതിനുള്ള പ്രവൃത്തികൾ.<br>11. വനിത സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ, അങ്കണവാടികേന്ദ്രങ്ങൾ, പൊതുചന്തകൾ, എഡിഎസ്/സിഡിഎസ് എന്നിവയ്ക്കുള്ള കെട്ടിടം, കാർഷികോത്പ്പാദന സംഭരണ കേന്ദ്രം, സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം, ശ്മശാന നിർമ്മാണം, നിലവിലെ നഗരസഭാ കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ.<br>12. അയ്യങ്കാളി നഗരതൊഴിലുറപ്പ് നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ.<br>13. സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി വിജ്ഞാപനം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതിയിലെ തൊഴിലാളികൾക്കുള്ള വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് രണ്ട് പ്രാവശ്യം വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 23/08/2016-ലെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ 10-ാമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം 01/08/2016 മുതൽ തൊഴിലാളികളുടെ വേതനം 229/- രൂപയിൽ നിന്നും 240/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന് 08/12/2016-ലെ സ.ഉ (സാധാ) നം. 3357/2016/തസ്വഭവ പ്രകാരം സർക്കാർ സാധൂകരണം നൽകുകയുണ്ടായി.<br>30/05/2017-ലെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ 13-ാമത് സംസ്ഥാന തൊഴിലുറപ്പ് കൺസിൽയോഗ തീരുമാനപ്രകാരം പദ്ധതിയിൻ കീഴിലെ തൊഴിലാളികളുടെ വേതനം 240/- രൂപയിൽ നിന്നും 258/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 09/06/2017 ലെ ഡിസി3-13667/2017 നമ്പർ ഉത്തരവ് പ്രകാരം 01/04/2017 മുതൽ വേതനം 258/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൂടുതൽ പ്രവൃത്തികൾ ഈ പദ്ധതി യിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചി ട്ടുണ്ടോ; | (സി) | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 03/11/2017 ലെ സ.ഉ.(കൈ)നം. 216/2017/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ശുപാർശ ചെയ്യുന്നതനുസരിച്ച് കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ സർക്കാർ പ്രസ്തുത പദ്ധതി മുഖേന കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും നടപ്പുസാമ്പ ത്തിക വർഷം ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാ ക്കാമോ? | (ഡി) | എല്ലാ മാസവും നഗരകാര്യ വകുപ്പ് മുഖേന നടത്തിവരുന്ന പദ്ധതി അവലോകന യോഗത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക അജണ്ടയിൽ ഉൾപ്പെടുത്തി പുരോഗതി അവലോകനം നടത്തിവരുന്നു. കൂടാതെ അയ്യങ്കാളി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിലും |

പുരോഗതി അവലോകനം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|
| 2015 - 16 | 3,05,206 |
| 2016 - 17 | 3,65,451 |
| 2017-18 | 8,46,432 |

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷം 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ